**പതിനാലാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3642** 20/10/2016 -ൽ മറുപടിയ്ക്ക്

**<u>സമഗ്ര വിദ്യാഭ്യാസ പദ്ധതി</u>**

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ.കെ. ബാബു : | പ്രൊഫ.സി.രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സമഗ്ര വിദ്യാഭ്യാസ പദ്ധതിയിൽ ഉൾപ്പെടുത്തിയ നെന്മാറ നിയോജക മണ്ഡലത്തിൽ കഴിഞ്ഞ അഞ്ച് വർഷം സർക്കാർ നടത്തിയ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ വിശദമാക്കമോ; | (എ) നെന്മാറ നിയോജകമണ്ഡലത്തിൽ സമഗ്ര വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി ആശയ രൂപീകരണം, പ്രോജക്ട് ഫൈനലൈസേഷൻ, മാനേജ്മെന്റ് പരിശീലന മൊഡ്യൂൾ തയ്യാറാക്കൽ, പ്രൈമറി തലം മുതൽ ഹയർസെക്കണ്ടറി തലം വരെയുള്ള സ്കൂൾ പ്രഥമാദ്ധ്യാപകർക്ക് സമഗ്ര വിദ്യാഭ്യാസ പദ്ധതി നടപ്പിലാക്കുന്നതു സംബന്ധിച്ച മാനേജ്മെന്റ് പരിശീലനം എന്നിവ സീമാറ്റ്-കേരളയുടെ നേതൃത്വത്തിൽ നടപ്പിലാക്കി കഴിഞ്ഞു. ബാക്കി പ്രവർത്തനങ്ങൾ പദ്ധതിയിൽ പറയും പ്രകാരം എം.എൽ.എ ചെയർമാനായ നിയോജകമണ്ഡലം സംഘാടക സമിതിയുടെയും, മുനിസിപ്പൽ ചെയർമാൻ അദ്ധ്യക്ഷനായ മുനിസിപ്പൽ കമ്മിറ്റിയുടെയും ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെയും നേതൃത്വത്തിലാണ് നടക്കുന്നത്. |
| (ബി) പ്രസ്തുത പദ്ധതി പ്രകാരം ഈ മണ്ഡലത്തിൽ നടത്താനുദ്ദേശിക്കുന്ന വിദ്യാഭ്യാസ പ്രവർത്തനങ്ങൾ വിശദമാക്കമോ? | (ബി) പ്രസ്തുത പദ്ധതി പ്രകാരം നെന്മാറ മണ്ഡലത്തിൽ നടത്താനുദ്ദേശിക്കുന്ന വിദ്യാഭ്യാസ പ്രവർത്തനങ്ങൾ തീരുമാനിക്കുന്നത് എം.എൽ.എ ചെയർമാനായ നിയോജകമണ്ഡലം സമിതിയുടെയും, മുനിസിപ്പൽ ചെയർമാൻ അദ്ധ്യക്ഷനായ മുനിസിപ്പൽ കമ്മിറ്റിയുടെയും ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെയും നേതൃത്വത്തിലാണ്. |

Sreedevi

സെക്ഷൻ ഓഫീസർ